# മഹാത്മാ ഗാന്ധി സർവ്വകലാശാല

**പബ്ലിക് റിലേഷൻസ് ഓഫീസറുടെ കാര്യാലയം**

പ്രിയദർശിനി ഹിൽസ് പി.ഒ, കോട്ടയം- 686560

ഫോൺ:0481-2733512


## വാർത്താക്കുറിപ്പ്

**2023 നവംബർ 1**

---

## എലിക്കുളം സമ്പൂർണ യു3എ ഗ്രാമപഞ്ചായത്ത്; വൈസ് ചാൻസലർ പ്രഖ്യാപനം നടത്തി

കോട്ടയം ജില്ലയിലെ എലിക്കുളം ഗ്രാമ പഞ്ചായത്തിനെ സമ്പൂർണ യു3എ പഞ്ചായത്തായി പ്രഖ്യാപിച്ചു. മുതിർന്ന പൗരൻമാരെ ജീവിതത്തിൻറെ ആഹ്ളാദകരമായ മൂന്നാം ഘട്ടത്തിലേക്ക് നയിക്കുന്ന യൂണിവേഴ്സിറ്റി ഓഫ് ദ തേഡ് ഏജിൻറെ യു3എയുടെ മഹാത്മാ ഗാന്ധി സർവകലാശാലാ ഘടകത്തിനു കീഴിലുള്ള പ്രവർത്തനം എല്ലാ വാർഡുകളിലും സജീവമാക്കിയതിനെത്തുടർന്നാണ് ഈ നേട്ടം കൈവരിക്കുന്ന ആദ്യ പഞ്ചായത്തായി മാറിയത്.

സർവകലാശാലാ അസംബ്ലി ഹാളിൽ ഇൻറർ യൂണിവേഴ്സിറ്റി സെൻറർ ഫോർ ഡിസെബിലിറ്റി സ്റ്റഡീസിൻറെ(ഐ.യു.സി.ഡി.എസ്) ആഭിമുഖ്യത്തിൽ സംഘടിപ്പിച്ച സംസ്ഥാനതല സംഗമത്തോടനുബന്ധിച്ച് വൈസ് ചാൻസലർ ഡോ. സി.ടി. അരവിന്ദകുമാർ പ്രഖ്യാപനം നിർവഹിച്ചു. എലിക്കുളം ഗ്രാമപഞ്ചായത്തിലെ ജനപ്രതിനിധികൾക്കും പരിശീലന പരിപാടിയിൽ പങ്കെടുത്തവർക്കും ചടങ്ങിൽ സർട്ടിഫിക്കറ്റുകൾ വിതരണം ചെയ്തു. സംസ്ഥാനത്തെ 104 യു3എ യൂണിറ്റുകൾക്ക് രജിസ്ട്രേഷനും നൽകി.

ഐ. യു.സി .ഡി.എസ് ഡയറക്റ്റർ പ്രഫ. പി.ടി. ബാബുരാജ് അധ്യക്ഷത വഹിച്ചു. സിൻഡിക്കേറ്റ് അംഗം ഡോ. എ. ജോസ് മുഖ്യപ്രഭാഷണവും യു3എ മെൻറർ ഡോ. സി. തോമസ് എബ്രഹാം ആമുഖ പ്രഭാഷണവും നടത്തി.

സ്കൂൾ ഓഫ് ടൂറിസം സ്റ്റഡീസ് ഡയറക്ടർ പ്രൊഫ. ടോണി തോമസ്, ഐ.ക്യു.എ.സി ഡയറക്ടർ പ്രൊഫ. റോബിനെറ്റ് ജേക്കബ്, എലിക്കുളം ഗ്രാമ പഞ്ചായത്ത് പ്രസിഡൻറ് എസ്. ഷാജി,ഡോ. ഗ്രേസമ്മ മാത്യു, അഡ്വ. ഗീത സരസ്, ഡോ. ജോബി ജോസഫ് എന്നിവർ സംസാരിച്ചു. തുടർന്ന് യു3എ അംഗങ്ങളുടെ കലാകായിക പരിപാടികൾ നടന്നു.

**ഫോട്ടോ ക്യാപ്ഷൻ..**
മഹാത്മാ ഗാന്ധി സർവകലാശാലയിൽ നടന്ന യുദഎ സംസ്ഥാന സംഗമത്തിൽ വൈസ് ചാൻസലർ ഡോ. സി.ടി. അരവിന്ദകുമാർ എലിക്കുളത്തെ സന്പൂർണ യുദഎ ഗ്രാമപഞ്ചായത്തായി പ്രഖ്യാപിക്കുന്നു. ഡോ. ഗ്രേസമ്മ മാത്യു, അഡ്വ. ഗീത സരസ്,എലിക്കുളം ഗ്രാമ പഞ്ചായത്ത പ്രസിഡൻറ് എസ്. ഷാജി, പ്രഫ. പി.റ്റി. ബാബുരാജ്,ഡോ. സി. തോമസ് ഏബ്രഹാം, ഡോ. റോബിനെറ്റ് ജേക്കബ്, ഡോ. എ. ജോസ്, ഡോ. ടോണി തോമസ് എന്നിവർ സമീപം.

(പി.ആർ.ഒ/39/1308/2023)

## ഭരണഭാഷാ വാരാഘോഷത്തിന് തുടക്കം

മഹാത്മാ ഗാന്ധി സർവകലാശാലയിൽ ഭരണഭാഷാ വാരാഘോഷത്തിന് തുടക്കം കുറിച്ച് ജീവനക്കാർ ഭരണഭാഷാ പ്രതിജ്ഞ ചൊല്ലി. വൈസ് ചാൻസലർ ഡോ. അഡ്മിനിസ്ട്രേറ്റീവ് ബ്ലോക്കിൽ നടന്ന ചടങ്ങിൽ സി.ടി. അരവിന്ദകുമാർ നേതൃത്വം നൽകി. രജിസ്ട്രാർ ഡോ. ബി. പ്രകാശ് കുമാർ. ഫിനാൻസ് ഓഫീസർ ബിജു മാത്യു തുടങ്ങിയവർ പങ്കെടുത്തു.

**ഫോട്ടോ ക്യാപ്ഷൻ...**
മഹാത്മാ ഗാന്ധി സർവകലാശാലയിൽ നടന്ന ഭരണഭാഷാ വാരാഘോഷത്തിൻറെ ഉദ്ഘാടനച്ചടങ്ങിൽ വൈസ് ചാൻസലർ ഡോ. സി.ടി. അരവിന്ദകുമാർ ജീവനക്കാർക്ക് ഭരണഭാഷാ പ്രതിജ്ഞ ചൊല്ലിക്കൊടുക്കുന്നു. രജിസ്ട്രാർ ഡോ. ബി. പ്രകാശ് കുമാർ സമീപം.

(പി.ആർ.ഒ/39/1309/2023)

## കമ്പ്യൂട്ടർ ലാബ് ഇൻ ചാർജ്; വാക്ക്-ഇൻ ഇൻ്റർവ്യൂ

മഹാത്മാ ഗാന്ധി സർവകലാശാലയിലെ സ്കൂൾ ഓഫ് സോഷ്യൽ സയൻസസിൽ കമ്പ്യൂട്ടർ ലാബ് ഇൻ ചാർജ് തസ്തികയിൽ ഒരൊഴിവിലേക്ക് താത്കാലിക-കരാർ നിയമനത്തിനുള്ള വാക്ക്-ഇൻ ഇൻ്റർവ്യൂ നവംബർ 13ന് രാവിലെ 11ന് നടക്കും.

താൽപര്യമുള്ളവർ രാവിലെ 10ന് എ.ഡി.എ 4 സെക്ഷനിൽ സർട്ടിഫിക്കറ്റ് വെരിഫിക്കേഷന് ഹാജരാകണം. വിശദ വിവരങ്ങൾ സർവകലാശാലാ വെബ്സൈറ്റിൽ.

(പി.ആർ.ഒ/39/1310/2023)

## പ്രൈവറ്റ് ബി.എ, ബി.കോം; അപേക്ഷാ തീയതി നീട്ടി

അഞ്ചാം സെമസ്റ്റർ പ്രൈവറ്റ് രജിസ്ട്രേഷൻ ബി.എ, ബി.കോം(സി.ബി.സി.എസ് – 2021 അഡ്മിഷൻ റഗുലർ, 2017,2018,2019 അഡ്മിഷനുകൾ സപ്ലിമെൻററി) പരീക്ഷകൾക്ക് നവംബർ എട്ടു വരെ ഫീസ് അടച്ച് അപേക്ഷ നൽകാം.

നവംബർ ഒൻപതിന് പിഴയോടു കൂടിയും, നവംബർ 10ന് സൂപ്പർ ഫൈനോടു കൂടിയും അപേക്ഷ സ്വീകരിക്കും. വിശദ വിവരങ്ങൾ വെബ്സൈറ്റിൽ.

(പി.ആർ.ഒ/39/1311/2023)

## പരീക്ഷാ തീയതി

അഞ്ചും ആറും സെമസ്റ്റർ പ്രൈവറ്റ് രജിസ്ട്രേഷൻ ബി.എ, ബി.കോം(സി.ബി.സി.എസ് – 2015,2016 അഡ്മിഷൻ സപ്ലിമെൻററി, 2012,2013,2014 അഡ്മിഷനുകൾ മെഴ്സി ചാൻസ് – സെപ്റ്റംബർ 2023) പരീക്ഷകൾ നവംബർ 13ന് ആരംഭിക്കും. വിശദമായ ടൈം ടേബിൾ വെബ്സൈറ്റിൽ.

(പി.ആർ.ഒ/39/1312/2023)

## പരീക്ഷാ ഫലം

നാലാം സെമസ്റ്റർ എം.എസ്.സി സൈക്കോളജി(2012 2018 അഡ്മിഷനുകൾ സപ്ലിമെൻററി – നവംബർ 2022) പരീക്ഷയുടെ ഫലം പ്രസിദ്ധീകരിച്ചു.

പുനർ മൂല്യനിർണയത്തിനും സൂക്ഷ്മ പരിശോധനയ്ക്കുമുള്ള അപേക്ഷകൾ നിശ്ചിത ഫീസ് അടച്ച് നവംബർ 15 വരെ ഓൺലൈനിൽ സമർപ്പിക്കാം.

..................

ഒന്നും രണ്ടും സെമസ്റ്റർ (പ്രൈവറ്റ് പഠനം) എം.എ പൊളിറ്റിക്കൽ സയൻസ്(2020 അഡ്മിഷൻ റഗുലർ, 2019 അഡ്മിഷൻ സപ്ലിമെൻററി – ജൂലൈ 2022), 2021 അഡ്മിഷൻ റഗുലർ – ഓഗസ്റ്റ് 2022) പരീക്ഷകളുടെ ഫലം പ്രസിദ്ധീകരിച്ചു.

പുനർ മൂല്യനിർണയത്തിനും സൂക്ഷ്മ പരിശോധനയ്ക്കുമുള്ള അപേക്ഷകൾ നിശ്ചിത ഫീസ് അടച്ച് നവംബർ 14 വരെ ഓൺലൈനിൽ സമർപ്പിക്കാം.

..................

കഴിഞ്ഞ വർഷം നവംബറിൽ നടത്തിയ നാലാം സെമസ്റ്റർ എം.എ ഹിസ്റ്ററി(പി.ജി.സി.എസ്.എസ്– 2016–2018 അഡ്മിഷൻ സപ്ലിമെൻററി, 2012–2015 അഡ്മിഷൻ മെഴ്സി ചാൻസ്) പരീക്ഷയുടെ ഫലം പ്രസിദ്ധീകരിച്ചു.

പുനർ മൂല്യനിർണയത്തിനും സൂക്ഷ്മ പരിശോധനയ്ക്കുമുള്ള അപേക്ഷകൾ നിശ്ചിത ഫീസ് അടച്ച് നവംബർ 15 വരെ ഓൺലൈനിൽ സമർപ്പിക്കാം.

..................

കഴിഞ്ഞ വർഷം ജൂലൈയിൽ നടത്തിയ ഒന്നും രണ്ടും സെമസ്റ്റർ എം.എ ഇസ്ലാമിക് ഹിസ്റ്ററി(പ്രൈവറ്റ് രജിസ്ട്രേഷൻ – 2020 അഡ്മിഷൻ റഗുലർ) പരീക്ഷയുടെ ഫലം പ്രസിദ്ധീകരിച്ചു.

..................

കഴിഞ്ഞ വർഷം നവംബറിൽ നടത്തിയ നാലാം സെമസ്റ്റർ എം.എസ്.സി സ്റ്റാറ്റിസ്റ്റിക്സ്(20122018 അഡ്മിഷൻ സപ്ലിമെൻററി) പരീക്ഷയുടെ ഫലം പ്രസിദ്ധീകരിച്ചു.
..................

ഐ.ഐ.ആർ.ബി.എസ് ഒക്ടോബറിൽ നടത്തിയ ഏഴാം വർഷ പഞ്ചവത്സര ഇൻറഗ്രേറ്റഡ് ഇൻറർഡിസിപ്ലിനറി എം.എസ്.സി കെമിസ്ട്രി(സയൻസ് ഫാക്കൽറ്റി, സ്പെഷ്യൽ സപ്ലിമെൻററി, ക്രെഡിറ്റ് ആൻറ് സെമസ്റ്റർ) പരീക്ഷയുടെ ഫലം പ്രസിദ്ധീകരിച്ചു.

പുനർ മൂല്യനിർണയത്തിനും സൂക്ഷ്മ പരിശോധനയ്ക്കുമുള്ള അപേക്ഷകൾ നിശ്ചിത ഫീസ് അടച്ച് നവംബർ 14 വരെ ഐ.ഐ.ആർ.ബി.എസ് ഡയറക്ടറുടെ കാര്യാലയത്തിൽ സമർപ്പിക്കാം. വിശദ വിവരങ്ങൾ വെബ്സൈറ്റിൽ.

(പി.ആർ.ഒ/39/1313/2023)

**പബ്ലിക് റിലേഷൻസ് ഓഫീസർ**